# കണ്ടൽക്കാട് നശിപ്പിക്കുന്നതിനെതിരെ പ്രതികരിക്കുക

കോഴിക്കോട് മാവൂർ റോഡിൽ 34-ാം വാർഡിലായി കണ്ടൽ കാടുകൾ നിറഞ്ഞ 20 ഏക്കറോളം സ്ഥലം ആശുപത്രി പണിയാനാണെന്ന പേരിൽ ഒരു സ്വകാര്യവ്യക്തിക്ക് അനുമതി നൽകിയിരിക്കുകയാണ്.

1994-95ൽ കോഴിക്കോട് ജില്ലാകളക്ടറായിരുന്ന അമിതാഭ്കാന്ത് മേയർ സ്ഥാനവും കൂടി വഹിച്ചിരുന്ന സമയത്ത് പരിസ്ഥിതി പ്രാധാന്യം മനസ്സിലാക്കി സീസ് ചെയ്ത സ്ഥാപനമാണിത്. കണ്ടൽക്കാടുകൾ സംരക്ഷിക്കണമെന്ന് കേന്ദ്ര പരിസ്ഥിതി-വനം സെക്രട്ടറിയുടെ ഉത്തരവും ഉണ്ട്.

ഇതെല്ലാം മറികടന്ന് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതിനു പിറകിൽ വ്യാപകമായ അഴിമതിയുണ്ട്. നഗരമധ്യത്തിലെ കണ്ടൽക്കാട് നശിപ്പിക്കാനുള്ള ഈ നീക്കത്തിനെതിരെ പ്രതികരിക്കുക.

**വിനോദ്കുമാർ ദാമോദർ,**
**കോഴിക്കോട്**

## കത്തുകൾ പ്രതികരണങ്ങൾ

## കേരളം ഒന്നാം സ്ഥാനത്ത്

നാല്പതിലധികം പുരുഷ പിശാചുക്കൾ ചോരയൂറ്റിക്കുടിച്ചിട്ടും ജീവിയ്ക്കാൻ വിധിക്കപ്പെട്ട പെൺകുട്ടി. ഇപ്പോൾ അഭയക്കൊലക്കേസിന്റെ പേരിൽ സി. ബി. ഐ ഉദ്യോഗസ്ഥനും സംഘവും നടത്തുന്ന ചോദ്യംചെയ്യൽപീഡനം നിർത്തിവയ്ക്കണമെന്ന് പെൺകുട്ടി ഹർജിയിൽ പറഞ്ഞിരുന്നു. പെൺകുട്ടി പറയുന്നത് സത്യമാണോ എന്നറിയുന്നതിന് പോളീഗ്രാഫ് ടെസ്റ്റ് നടത്തണമെന്ന് അന്വേഷണ ഉദ്യോഗസ്ഥന് അഭിപ്രായമുണ്ട്. അവശേഷിക്കുന്ന ആത്മവീര്യം കൂടി കെടുത്തി പെൺകുട്ടിയെക്കൊണ്ട് തങ്ങളാഗ്രഹിക്കുന്നത് പറയിക്കാൻ ശ്രമിക്കുന്നതിലെ ഉദ്ദേശശുദ്ധി പോലും ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. പെൺകുട്ടി കള്ളം പറയുന്നവളാണെന്നു സ്ഥാപിച്ച്, സൂര്യനെല്ലിക്കേസിലെ വിധിതന്നെ അട്ടിമറിക്കാനുള്ള കരുനീക്കത്തിന്റെ ഭാഗമാണിത്.

ലോകത്ത് ഏറ്റവും കൂടുതൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്ന സംസ്ഥാനം എന്ന ബഹുമതി സമ്പൂർണ്ണ സാക്ഷരതയുള്ള സാംസ്കാരിക തനിമ അവകാശപ്പെടുന്ന ആഗോള മാതൃകയായ കേരളത്തിനു തന്നെയാണ് എന്ന് ദൂരദർശനിലെ നിശാൻ പരിപാടിയിൽ പരാമർശമുണ്ടായപ്പോൾ അതിനെതിരെ ജനരോഷം ഉയർന്നതായി കണ്ടു. ഇത്രയേറെ കാപട്യങ്ങളുള്ള, സത്യം വിളിച്ചുപറയുമ്പോൾ പൊള്ളുന്ന ഒരു സമൂഹം വേറെയുണ്ടോ?

വർഗ്ഗീയ ഭീകരതയെപ്പറ്റിയും വ്യാകുലപ്പെടുന്ന ജനത ഈ ലൈംഗിക ഭീകരതയെ തിരിച്ചറിയുന്നില്ല. വർഗ്ഗീയഭീകരത ഒരു സമുദായത്തെ ബാധിക്കുമ്പോൾ ലൈംഗിക ഭീകരത സ്ത്രീ സമൂഹത്തെ ബാധിക്കുന്നു.

സെക്ഷ്വൽ ടെററിസം സ്ത്രീസമുദായത്തെ വറുതിക്കു നിർത്താനും പുരുഷാധിപത്യം നിലനിർത്താനുള്ള ഉപകരണമാണ്. മാത്രമല്ല, സ്ത്രീ അധികാരസ്ഥാനത്തിരിക്കുന്നവരുടെ ഉപഭോഗവസ്തുവും കൂടി ആവുകയാണ്.

**മ. ജയ, ഷൈല**
**ചേതന, തൃശ്ശൂർ**

## പശ്ചിമഘട്ടത്തെ വെറുതെ വിടുക

'ധോണി മലകൾ- അവശേഷിക്കപ്പെടുന്ന ജൈവസമ്പത്ത്' എന്ന ലേഖനം വായിച്ചപ്പോൾ വളരെ വേദന തോന്നി. കേരളത്തിലെ കാടുകളെ കുറിച്ച് ശരിയായ അറിവുള്ളവർ ഇവിടെ വിരളമാണ്. മാത്രമല്ല, കഴിഞ്ഞ 200 വർഷത്തിലേറെയായി പല പേരുകളിൽ മഴക്കാടുകൾ കയറിയിറങ്ങി നശിപ്പിക്കുന്ന ചരിത്രമാണ് നമുക്കുള്ളത്. ബ്രിട്ടീഷുകാരുടെ കാലം മുതൽക്കോ അതിന് മുമ്പോ തുടങ്ങിയ വനംകൊള്ള, കുടിയേറ്റത്തിനും അണക്കെട്ടുകൾക്കും ഫോറസ്റ്റ് പ്ലാന്റേഷനുകൾക്കും റോഡുകൾക്കും മറ്റും മറ്റും ഇന്നും തുടരുന്ന കാഴ്ച നമ്മൾ കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്നു. ഇനി കേരളത്തിൽ അവശേഷിക്കുന്ന കാടുകൾ(ശതമാനങ്ങൾക്കു പ്രസക്തിയില്ല) എന്തു വിലകൊടുത്തും 'അതു പോലെ' സംരക്ഷിക്കേണ്ടതുണ്ട്. നാട്ടിൻപുറങ്ങളിലും തൊടികളിലും സുലഭമായിരുന്ന ഔഷധസസ്യങ്ങളെ ഭൂപരിപാലന മാറ്റങ്ങൾ കൊണ്ട് പൂർണമായി നശിപ്പിച്ച നമുക്ക് പശ്ചിമഘട്ടത്തിൽ അവശേഷിക്കുന്ന അപൂർവ്വസസ്യങ്ങളെ ടിഷ്യൂ കൾച്ചറിന്റെ പേരിലോ മറ്റു കച്ചവടങ്ങളുടെ പേരിലോ നശിപ്പിക്കാൻ അവകാശമില്ല. അതുകൊണ്ട് പശ്ചിമഘട്ടത്തിനെ ഇനിയെങ്കിലും നമുക്ക് വെറുതെ വിടാം.

**എ. ലത**
**ഒല്ലൂർ**